പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.97 | 09-06-2014-ൽ മറുപടിക്ക്

നീര ഉൽപ്പാദനം

| ചോദ്യം: | ഉത്തരം: |
| --- | --- |
| ശ്രീ. ജോസഫ് വാഴക്കൻ:<br>" വർക്കല കഹാർ:<br>" ലൂഡി ലൂയിസ്:<br>" ആർ. സെൽവരാജ്: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) നീര ഉൽപ്പാദനം ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ യെന്ന് വിശദമാക്കുമോ;<br>(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്;<br>(സി) നീര ഉൽപ്പാദനം എങ്ങനെ നടപ്പാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്; | (എ)-യും, (ബി) -യും, (സി) -യും, 23/09/2013-ലെ ജി.ഒ.(എം.എസ്)160/13/നിവ പ്രകാരം സംസ്ഥാനത്ത് നീര ഉല്പാദിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. തുടർന്ന് 14/02/2014-ലെ ജി.ഒ.(പി)27/14/ റ്റിഡി. പ്രകാരം 'ദി കേരള സ്വീറ്റ് റ്റോഡി (നീര) റൂൾസ് 2014' പ്രാബല്യത്തിൽ വരുകയും, ബോണഫൈഡ് ജാഗറി ഉല്പാദകർ, കേരള സംസ്ഥാന ബിവറേജസ് (Manufacturing and Marketing) കോർപ്പറേഷൻ ലിമിറ്റഡ്, കോക്കനട്ട് ഡെവലപ്പ്മെന്റ് ബോർഡിനു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റി / കമ്മിറ്റി, കോക്കനട്ട് പ്രൊഡ്യൂസേഴ്സ് ഫെഡറേഷൻ, കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി, അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കോക്കനട്ട് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, എന്നിവർക്ക് നീരയും അതിൽ നിന്നുള്ളമൂല്യവർദ്ധിത ഉല്പന്നങ്ങളും ഉല്പാദിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) സംസ്ഥാനത്താകെ 17 കോക്കനട്ട് പ്രൊഡ്യൂസേഴ്സ് ഫെഡറേഷനുകൾക്ക് നീര ഉല്പാദനത്തിന് എക്സൈസ് വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് നിലവിലുള്ള 173 നാളികേര ഉല്പാദക ഫെഡറേഷനുകൾക്കും ലൈസൻസ് നൽകുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. |

സെക്ഷൻ ആഫീസർ